നടപടികളും സ്വീകരിച്ചുവരുന്നു. ഹർത്താൽ ആഹ്വാനം ചെയ്യുന്ന രാഷ്ട്രീയ പാർട്ടികളുടെയും സംഘടനകളുടെയും നേതാക്കൾക്ക് ഹർത്താൽ ദിവസങ്ങളിൽ ഉണ്ടാകുന്ന അക്രമ സംഭവങ്ങളിൽ ഉത്തരവാദിത്വമുള്ളതായി മുൻകൂട്ടി നിയമപരമായി അറിയിച്ചു വരുന്നു. ഹർത്താൽ നടക്കുന്ന ദിവസങ്ങളിൽ മുൻകരുതലായി ആക്രമണങ്ങൾ നടക്കാൻ സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ പോലീസ് പിക്കറ്റ് ഏർപ്പെടുത്തിയും അതിനോടനുബന്ധിച്ച് ശക്തമായ പോലീസ് പട്രോളിംഗും ഏർപ്പെടുത്തിവരുന്നു. അക്രമം നടത്താൻ സാധ്യതയുള്ള ഹർത്താൽ അനുകൂലികളെ തലേ ദിവസം മുൻകരുതലായി അറസ്റ്റ് ചെയ്തും ആവശ്യമായ നിയമനടപടി സ്വീകരിച്ചും വരുന്നു.

(ബി) ഒരു ദിവസത്തെ ഹർത്താൽമൂലമുണ്ടാകുന്ന നഷ്ടം കണക്കാക്കിയിട്ടില്ല. എന്നാൽ കഴിഞ്ഞ 15-11-2004-ൽ ഹിന്ദു ഐക്യവേദി സംസ്ഥാനത്ത് വ്യാപകമായി നടത്തിയ ഹർത്താലിൽ 20,500 രൂപയുടെ പൊതുമുതലും 82,000 രൂപയുടെ സ്വകാര്യ മുതലും നഷ്ടം വന്നതായി കണക്കാക്കിയിട്ടുണ്ട്. ഹർത്താൽമൂലം സംസ്ഥാനത്തിന് ഉണ്ടാകുന്നത് വലിയ നഷ്ടമാണ്. ഇത് കണക്കാക്കിയിട്ടില്ല.

(സി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

നിയമസഭാംഗങ്ങളുടെ പ്രാദേശിക ഫണ്ടിന്റെ വിനിയോഗം

*26 [25] *ശ്രീ. കെ. സി. ജോസഫ് :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമസഭാംഗങ്ങളുടെ പ്രാദേശിക വികസന ഫണ്ട് യഥാസമയം ചെലവഴിക്കുന്ന കാര്യത്തിൽ ഗുരുതരമായ വീഴ്ച സംഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഓരോ വർഷവും അനുവദിക്കുന്ന തുകയുടെ പത്തു ശതമാനം പോലും തനത് വർഷത്തിൽ ചെലവഴിക്കുവാൻ കഴിയാത്തതിന്റെ കാരണം പരിശോധിക്കുമോ;

(സി) ജില്ലാതലത്തിൽ എം. എൽ. എ./എം. പി. പ്രാദേശിക വികസന ഫണ്ട് നടത്തിപ്പ് മോണിട്ടർ ചെയ്യാൻ സംവിധാനം ഏർപ്പെടുത്തുമോ?

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി) :*

(എ) ഇല്ല.

(ബി) ഈ ഫണ്ടിൻ കീഴിൽ അനുവദിക്കുന്ന തുകയുടെ നല്ലൊരു ശതമാനം അതാത് വർഷങ്ങളിൽ തന്നെ ചെലവഴിക്കുന്നുണ്ട്.

(സി) ജില്ലാതലത്തിൽ ഈ ഫണ്ടുകൾക്ക് മോണിറ്ററിംഗ് സംവിധാനം ഇപ്പോൾ തന്നെ നിലവിലുണ്ട്.

വടക്കൻ ജില്ലകളിലെ ക്യാൻസർ രോഗികൾക്കായുള്ള പ്രത്യേക പദ്ധതി

*27 [26] *ശ്രീ. എം. കുമാരൻ :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകാരോഗ്യ സംഘടനയുടെ ശരാശരിയേക്കാൾ കൂടുതലാണ് സംസ്ഥാനത്തെ വടക്കൻ ജില്ലകളിൽ ക്യാൻസർ രോഗികളുടെ എണ്ണമെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്ക വിഭാഗങ്ങളിലാണ് ഈ രോഗം വ്യാപകമായി കാണുന്നതെന്ന വിവരം പഠന വിഷയമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) വടക്കൻ ജില്ലകളിൽ ക്രമാതീതമായി കണ്ടുവരുന്ന ക്യാൻസർ രോഗം പരിഗണിച്ച് പ്രസ്തുത രോഗികൾക്കായി പ്രത്യേക പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ആരോഗ്യ വകുപ്പുമന്ത്രി *(ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ)*:

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇല്ല.

(സി) പരിശോധിക്കുന്നതാണ്.

100 ദിവസത്തെ പരിപാടി

*28 [27] *ശ്രീ. ജോണി നെല്ലൂർ:*

„ ടി. എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെൻറ് അധികാരം ഏറ്റെടുത്തപ്പോൾ പ്രഖ്യാപിച്ച 100 ദിവസത്തെ പരിപാടികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഇതിൽ 17-11-2004-വരെ നടപ്പിലാക്കിയ പരിപാടികൾ എന്തെല്ലാം;

(സി) ഈ പരിപാടികളുടെ ഭാഗമായിട്ടാണോ ജില്ലാ ആസ്ഥാനങ്ങളിൽ മുഖ്യമന്ത്രിയുടെ ബഹുജന സമ്പർക്ക പരിപാടി നടത്തിയത് എന്ന് വ്യക്തമാക്കാമോ;

(ഡി) ഈ പരിപാടികളിൽ എത്ര പരാതികൾ ലഭിച്ചു; അവയിൽ എത്ര എണ്ണത്തിന് പരിഹാരം ഉണ്ടാക്കാൻ കഴിഞ്ഞു എന്ന് അറിയിക്കാമോ?

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി)* :

(എ) & (ബി) വിവിധ വകുപ്പുകളിലായി 104 പദ്ധതികൾ 100 ദിവസത്തെ കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി പൂർത്തിയാക്കുവാനും, നിലവിലുള്ള ഒഴിവുകൾ എല്ലാം പി.എസ്.സി. -ക്ക് റിപ്പോർട്ട് ചെയ്യുവാനും ഡി.പി.സി. കൂടി പ്രൊമോഷൻവഴി നികത്തേണ്ട ഒഴിവുകൾ നികത്താനുള്ള നടപടികൾ തുടങ്ങാനും, സെക്രട്ടേറിയറ്റിൽ 31-8-2004-വരെ കെട്ടിക്കിടന്ന ഫയലുകളിൽ (കോടതി നിർദ്ദേശമോ അതുപോലുള്ള കാരണങ്ങളോ ഉള്ളവ ഒഴിച്ച്) തീർപ്പുകൽപ്പിക്കാനും തീരുമാനിച്ചു. 14 ജില്ലകളിലും മുഖ്യമന്ത്രി നേരിട്ട് ജനസമ്പർക്കപരിപാടി നടത്തി ആവുന്നത്ര പരാതികൾക്ക് പരിഹാരം ഉണ്ടാക്കുവാനും തീരുമാനിച്ചു.(പദ്ധതികളുടെ വിശദവിവരവും കൈവരിച്ച പുരോഗതിയും അനുബന്ധമായി ചേർത്തിരിക്കുന്നു.) †

†അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly